# പന്ത്രണ്ടാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ -481 28.3.2007 ൽ മറുപടിക്ക്

## വർഷകാല റോഡു സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. പി. മോഹനൻ | ഷെവ. ടിയു കുരുവിള (മരാമത്തുവകുപ്പു മന്ത്രി) |
| (എ) വർഷകാലങ്ങളിൽ മതിയായ സംരക്ഷണം നൽകാത്തത് കാരണം പി. ഡബ്ളിയു. ഡി റോഡുകൾ തകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) റോഡ് സംരക്ഷണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ; | (ബി) മഴക്കാലത്തിനു മുൻപ് തന്നെ അടഞ്ഞു കിടക്കുന്ന ഓടകളിലും കലുങ്കുകളിലുമുള്ള മണ്ണ് നീക്കം ചെയ്ത് മഴ വെള്ളം ഒഴുകിപ്പോകാനുള്ള സൗകര്യം ഒരുക്കാറുണ്ട്. മഴക്കാലത്തുണ്ടാകുന്ന അത്യാവശ്യമായ അറ്റകുറ്റപ്പണികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ചെയ്ത് തീർക്കാറുണ്ട്. റോഡിൽ വെള്ളം കെട്ടി നിൽക്കുന്നത് തടയുന്നതിനായി റോഡ് അരികിലുള്ള മണ്ണ് നീക്കംചെയ്ത് വെള്ളം ഓടകളിലേക്ക് ഒഴുക്കിവിടുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ വെള്ളംകെട്ടി നിൽക്കാതിരിക്കാൻ റോഡിനാവശ്യമായ ചരിവ് നൽകാറുമുണ്ട്. |
| (സി) റോഡ് സംരക്ഷണത്തിനായി നോമിനൽ മസ്റ്റർ റോൾ (എൻ.എം.ആർ) തൊഴിലാളികളെ മുൻകാലങ്ങളിൽ നിയമിച്ചിരുന്നത് പോലുള്ള സംവിധാനം നടപ്പിലാക്കുമോ ? | (സി) തൽക്കാലം ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

# വിശദീകരണകുറിപ്പ്

വർഷകാലങ്ങളിൽ മതിയായ സംരക്ഷണം നൽകാത്തത് കാരണം റോഡുകൾ തകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഒഴിവാക്കാനായി വർഷക്കാലം തുടങ്ങുന്നതിനു മുമ്പ് അടഞ്ഞുകിടക്കുന്ന കലുങ്കുകളിലും ഓടകളിലുമുള്ള മണ്ണ് നീക്കം ചെയ്ത് അവയിൽകൂടിയുള്ള നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള ജോലികൾ ആവശ്യാനുസരണം ചെയ്യാറുണ്ട്. റോഡിൽ വെള്ളം കെട്ടിനിൽക്കാതെ ഓടയിലേക്ക് ഒഴുകിപ്പോകുന്നതിനായി സൈഡ്ബേർമിലെ മണ്ണ് നീക്കം ചെയ്യാറുണ്ട്. മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കാതിരിക്കാൻ നിർമ്മാണ ഘട്ടത്തിൽ തന്നെ റോഡുകൾക്കാവശ്യമായ ചരിവ് നൽകുകയും റോഡിന്റെ ഷോൾഡർ റോഡിനേക്കാൾ താഴ്ത്തി നിർമ്മിക്കുകയും ചെയ്യുന്നു.

നടപ്പു സാമ്പത്തിക വർഷം റോഡിന്റെ അറ്റകുറ്റപ്പണികൾക്ക് വേണ്ടി ബഡ്ജറ്റിൽവകകൊള്ളിച്ചിട്ടുള്ള വിവരങ്ങൾ താഴെ പറയുന്നു.

| | | | |
|---|---|---|---|
| 1. | സാധാരണ അറ്റകുറ്റപ്പണികൾ | - | 97. 32 കോടി രൂപ |
| 2. | ഉപരിതലം പുതുക്കൽ | - | 119. 61 കോടി രൂപ |
| 3. | പ്രത്യേകതരം അറ്റകുറ്റപ്പണികൾ | - | 61. 66 കോടി രൂപ |
| 4. | വെള്ളക്കെടുതിപണികൾ | - | 21. 42 കോടി രൂപ |
| 5. | നഗരപ്രദേശങ്ങളിലെ റോഡുകൾ | - | 2. 23 കോടി രൂപ |
| 6. | വി.ഐ.പി വിസിറ്റ് | - | 11. 46 കോടി രൂപ |
| 7. | ശബരിമല റോഡ് | - | 1. 68 കോടി രൂപ |
| | ആകെ | - | **315.38 കോടി രൂപ** |

ഈ തുക ചിലവ് ചെയ്ത് പി. ഡബ്ളിയു. ഡി റോഡുകളുടെ അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ 1.68 കോടി രൂപയ്ക്ക് പുറമേ 25 കോടി രൂപയും ശബരിമല റോഡുകൾക്കായി അനുവദിക്കുകയുണ്ടായി. ഈ തുക ഉപയോഗിച്ച് ശബരിമല റോഡുകളുടെയും അനുബന്ധറോഡുകളുടെയും എല്ലാ അറ്റകുറ്റപണികളും സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുണ്ട്. ദേശീയ പാതാ വിഭാഗം, കേന്ദ്ര റോഡ് ഡാമേജ് ഫണ്ടിൽ നിന്നുമുള്ള സഹായത്തോടെ കാലവർഷക്കെടുതിമൂലമുണ്ടാകുന്ന പണികൾ ചെയ്യാറുണ്ട്.

മുൻകാലങ്ങളിൽ റോഡ് സംരക്ഷണത്തിനായി എൻ.എം.ആർ തൊഴിലാളികളെ നിയമിച്ചിരുന്നു. എന്നാൽ ഇപ്പോൾ പ്രസ്തുത നിയമനങ്ങൾ നടത്തുന്നില്ല. 17-9-85-ലെ സർക്കാർ ഉത്തരവ് നമ്പർ 106/85/പി. ഡബ്ളിയു & ടി പ്രകാരം പൊതുമരാമത്ത് / ഇറിഗേഷൻ വകുപ്പുകളിലെ 19-5-83-ൽ 5 വർഷം തികഞ്ഞ ഏകദേശം 3807 എൻ. എം. ആർ ജീവനക്കാരെ അത്രതന്നെ പോസ്റ്റുകൾ റഗുലർ സർവ്വീസിൽ ഉണ്ടാക്കി റഗുലറൈസ് ചെയ്തു.

Section Officer

# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4882 — 28.03.2007-ൽ മറുപടിക്ക്

## കശുവണ്ടി വികസന കോർപ്പറേഷന്റെ പുതിയ ഉൽപ്പന്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. കെ. അച്യുതൻ<br>ശ്രീ. കെ. സുധാകരൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഏതെല്ലാം പുതിയ ഉൽപ്പന്നങ്ങൾ വിപണിയിലിറക്കാൻ ഉദ്ദേശിക്കുന്നുണ്ട്; | (എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ മൈസൂറിലെ സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (CFTRI) സാങ്കേതിക സഹകരണത്തോടെ കശുവണ്ടി പരിപ്പിൽ നിന്നുള്ള താഴെ പറയുന്ന 4 പുതിയ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലിറക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്.<br>1. കാഷ്യൂ സൂപ്പ്<br>2. കാഷ്യൂ ബിസ്കറ്റ്<br>3. കാഷ്യൂ പൗഡർ<br>4. കാഷ്യൂ മിക്സ്ചർ |
| (ബി) ഈ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സംബന്ധിച്ച് മാർക്കറ്റ് സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ ഫലമെന്താണ് വിശദമാക്കുമോ; | (ബി) ഇതു സംബന്ധിച്ച് കോർപ്പറേഷൻ തന്നെ ഒരു മാർക്കറ്റ് റിസർച്ച് ഗ്രൂപ്പ് രൂപീകരിച്ച് മാർക്കറ്റ് സർവ്വേ നടത്തിയിട്ടുണ്ട്. ഫലം അനുകൂലമാണ്. |
| (സി) ഈ ഉൽപ്പന്നങ്ങളുടെ വില എത്രയാണെന്ന് വെളിപ്പെടുത്താമോ? | (സി) ഈ ഉൽപ്പന്നങ്ങളുടെ വാണിജ്യ ഉത്പാദനം ആരംഭിക്കുന്നതോടെ മാത്രമേ വില നിശ്ചയിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 483* 28.3.2007 ൽ മറുപടിക്ക്

## വെട്ടിക്കുഴിച്ച റോഡുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ :<br>ശ്രീ. സാജു പോൾ :<br>ശ്രീ. എസ്. രാജേന്ദ്രൻ:<br>ശ്രീ.ജോർജ്.എം.തോമസ്<br>ശ്രീ. എം.എം.മോനായി | ഷെവ. ടി യു. കുരുവിള<br>മരാമത്ത് വകുപ്പ് മന്ത്രി |
| (എ) പൊതുമരാമത്ത് വകുപ്പ് റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിക്കുഴിച്ച ശേഷം ശരിയായി നികത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) റോഡ് കുഴിക്കുന്നതിന് ഈടാക്കുന്ന ഫീസ് ഏത് 'ഹെഡ്ഡി'ലാണ് അടയ്ക്കേണ്ടത് ; | (ബി) "8443 PWD 108 deposit" |
| (സി) റോഡ് നികത്തുന്നതിനുള്ള ചെലവ് ഏത് ഹെഡ്ഡിൽ നിന്നാണ് നടത്തുന്നത്; | (സി) "8443 PWD 108 deposit" |
| ഡി) റോഡ് വെട്ടിക്കുഴിക്കുന്നതിന് ഈടാക്കുന്ന തുക ജനറൽ ഫണ്ടിലേക്ക് അടയ്ക്കുന്നതുമൂലം ആ തുക റോഡ് നികത്തുന്നതിന് ഉപയോഗിക്കാൻ കഴിയുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി)ജനറൽ ഫണ്ടിൽ അടയ്ക്കുന്നില്ല. റോഡ് വെട്ടിക്കുഴിക്കുന്നതിന് ഈടാക്കുന്നതുക മേൽപടി ഹെഡ്ഡിൽ അടയ്ക്കുന്നതുമൂലം ഈ തുക റോഡുനികത്തുന്നതിന് ഉപയോഗിക്കുവാൻ കഴിയും. |
| ഇ) എങ്കിൽ ഈ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 484. 28.3.2007-ൽ മറുപടിയ്ക്ക്

### അലങ്കാര മത്സ്യങ്ങളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു പോൾ :<br>ശ്രീ. പി. തിലോത്തമൻ:<br>ശ്രീ. കെ. അജിത്:<br>ശ്രീ. കെ. രാജു: | ശ്രീ. എസ്. ശർമ്മ<br>ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി |

| | |
|---|---|
| (എ) ഉൾനാടൻ അലങ്കാര മത്സ്യങ്ങൾക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്തെ ഏതെല്ലാം നദികളിലാണ് ഇവ ഉള്ളത്; | (ബി) അച്ചൻകോവിൽ, പമ്പ, ഭാരതപ്പുഴ, ചാലക്കുടി, പെരിയാർ, വളപട്ടണം, ചന്ദ്രഗിരി, കബനി, ചാലിയാർ, കീച്ചേരി, കല്ലട, മീനച്ചിൽ, കരുവന്നൂർ, മൂവാറ്റുപുഴ, കുളത്തൂപ്പുഴ തുടങ്ങിയ നദികളിലും അനുബന്ധ കൈത്തോടുകളിലുമാണ് ഇവ കാണുന്നത്. |
| (സി) ഇവയെ സംരക്ഷിക്കുന്നതിനും പ്രജനനത്തിനും വിപണനത്തിനുമായി ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (സി) ഇവയെ സംരക്ഷിക്കുന്നതിനും പ്രജനനത്തിനും വിപണനത്തിനുമായി ഒരു R & D സെന്റർ ആരംഭിക്കുന്നതിന് എറണാകുളത്ത് കടുങ്ങല്ലൂരിൽ സ്ഥാപിക്കുന്ന അക്വാ പാർക്കിൽ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ മത്സ്യഫെഡ്, തെന്മല ആസ്ഥാനമാക്കി ഇതിലേയ്ക്കുള്ള ഒരു ഗവേഷണ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) ഇത്തരമൊരു ആവശ്യം സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; | (ഡി) ഉണ്ട്. |

KS

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 485      28.3.2007-ൽ മറുപടിക്ക്

## ബാർലൈസൻസിനുള്ള വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം. മാണി<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>പ്രൊഫ. എൻ. ജയരാജ്. | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്ത് ടു-സ്റ്റാർ ഫെസിലിറ്റി ഇല്ലാത്ത എത്ര ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ട്; അവ എവിടെയൊക്കെയാണ്?

(എ) സംസ്ഥാനത്ത് ടു സ്റ്റാർ പദവിയില്ലാത്ത 418 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | - 48 |
| കൊല്ലം | - 32 |
| പത്തനംതിട്ട | - 15 |
| ആലപ്പുഴ | - 14 |
| കോട്ടയം | - 50 |
| ഇടുക്കി | - 20 |
| എറണാകുളം | - 103 |
| തൃശ്ശൂർ | - 77 |
| പാലക്കാട് | - 14 |
| മലപ്പുറം | - 14 |
| കോഴിക്കോട് | - 6 |
| വയനാട് | - 9 |
| കണ്ണൂർ | - 13 |
| കാസർഗോഡ് | - 3 |
| ആകെ | - 418 എണ്ണം |

(ബി) ബാർ ലൈസൻസ് നൽകുന്നതിനും, പുതുക്കുന്നതിനും ഹോട്ടലുകൾക്ക് ടു-സ്റ്റാർ ഫെസിലിറ്റി ആവശ്യമുണ്ടോ;

(ബി) ടു സ്റ്റാർ ഫെസിലിറ്റിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകാൻ ഇപ്പോൾ വ്യവസ്ഥയില്ല. നിലവിലുള്ള ബാർ ലൈസൻസ് പുതുക്കുന്നതിന് ടു സ്റ്റാർ ഫെസിലിറ്റി ആവശ്യമില്ല.

5.455

| | |
|---|---|
| (സി) ഇല്ലെങ്കിൽ ആയതിനുള്ള കർശന വ്യവസ്ഥകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) ടൂ സ്റ്റാർ പദവിയില്ലാത്ത ഹോട്ടലുകളുടെ ബാർ ലൈസൻസ് പുതുക്കുന്നതിന് കാലാകാലങ്ങളിൽ അനുവദിച്ചിരുന്നു. ആ സാഹചര്യത്തിൽ ഇപ്പോൾ നിലവിലുള്ള എല്ലാ ഇത്തരം ഹോട്ടലുകളെയും റെഗുലറൈസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. |

Jayaraj

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 486 * 28.3.2007 ൽ മറുപടിക്ക്

## മുൻ ഗവൺമെന്റിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് അനധികൃതമായി ചെലവഴിച്ച തുക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. പി. ജയരാജൻ :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. വി. എൻ. വാസവൻ : | ഷെവ. ടി. യു. കുരുവിള<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) മുൻ ഗവൺമെന്റിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് മാനദണ്ഡങ്ങൾ പാലിക്കാതെ കോടിക്കണക്കിന് രൂപ ചെലവഴിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇത് സംബന്ധിച്ച അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ ; | (ബി) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന്റെ (ആഡിറ്റ്) റിപ്പോർട്ടിൽ, ഹാർബർ എഞ്ചിനീയറിംഗ്, വാട്ടർ റിസോഴ്സസ്, പി.ഡബ്ല്യു.ഡി. എന്നീ വകുപ്പുകളിലെ പ്രവർത്തനങ്ങളെ പരാമർശിക്കുന്നു. പ്രധാന കണ്ടെത്തലുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. എ.ജി. യുടെ കണ്ടെത്തലുകൾ വിശദമായി പരിശോധിക്കേണ്ടിയിരിക്കുന്നു. |
| (സി) ടെൻഡർ വിളിക്കാതെ പണികൾ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ ; പൊതുമരാമത്ത് വകുപ്പിന്റെ ഏത് ഡിവിഷനിലാണ് ഇത്തരത്തിലുള്ള പണികൾ നടത്തിയത് ; | (സി) ഉണ്ട്.<br>തിരുവനന്തപുരം, മഞ്ചേരി, കണ്ണൂർ, തൃശ്ശൂർ, എറണാകുളം, വയനാട്, കോഴിക്കോട്, പാലക്കാട് എന്നീ റോഡ് ഡിവിഷനുകളിലും കോഴിക്കോട് എൻ.എച്ച്. ഡിവിഷനിലും. |
| (ഡി) എത്ര കോടി രൂപയുടെ പണികളാണ് ഇപ്രകാരം നടത്തിയത് ; | (ഡി) എ.ജി. യുടെ മുൻ സൂചിപ്പിച്ച റിപ്പോർട്ട് പ്രകാരം 210.15 കോടി രൂപ. |
| (ഇ) ഈ വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ഇ) ഉദ്ദേശിക്കുന്നുണ്ട് |
| (എഫ്) ക്രമരഹിതമായി പണികൾ ചെയ്യുന്നതിന് നിർദ്ദേശം നൽകിയവർക്കെതിരെ നടപടി സ്വീകരിക്കുമോ ? | (എഫ്) പണികൾ ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

പന്ത്രണ്ടാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 487 — 28.3.2007 ൽ മറുപടിക്ക്

## തൊഴിലാളികളുടെ സുരക്ഷിതത്വം

| ചോദ്യം: | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ.ബി. രാഘവൻ<br>ശ്രീ. എ. എം. യൂസഫ്<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു | **ശ്രീ. പി. കെ. ഗുരുദാസൻ**<br>**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)** |
| എ) )വ്യവസായശാലകളിൽ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | എ) വ്യവസായശാലകളിൽ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പിലെ ഇൻസ്പെക്ടർമാർ ഫാക്ടറികൾ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ മാനേജ്മെൻറിന് നൽകുന്നുണ്ട്. അതോടൊപ്പം ഫാക്ടറി തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി 4 ഡോക്ടർമാരും 4 കെമിക്കൽ ഇൻസ്പെക്ടർ മാരും 1കെമിസ്റ്റും ഉൾപ്പെട്ട ആരോഗ്യ സുരക്ഷിതത്വവിഭാഗവും വകുപ്പിൽ പ്രവർത്തിക്കുന്നുണ്ട്. |
| ബി) )ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പിലെ ആരോഗ്യ സുരക്ഷിതത്വ ഉപദേശക വിഭാഗം ഫാക്ടറികൾ സന്ദർശിച്ച് മാനേജ്മെൻറിന് നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ; | ബി) നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| സി) ഫാക്ടറികളിൽ രാസാപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

......2

| | |
|---|---|
| ഡി) രാസാപകടങ്ങൾ ഒഴിവാക്കുന്ന തിനും അപകടം ഉണ്ടായാൽ നിയന്ത്രണ വിധേയമാക്കുന്നതിനും ഇതിൽ പരിശീലനം നേടിയവരെ ഉൾപ്പെടുത്തി വ്യവസായ കേന്ദ്രമായ കൊച്ചി കേന്ദ്രമായി ഒരു പ്രത്യേക സംവിധാനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | ഡി) രാസാപകടങ്ങൾ ഒഴിവാക്കുന്നതിനും നിയന്ത്രണവിധേയമാക്കുന്നതിനും എറണാകുളം കേന്ദ്രമാക്കി ഒരു കെമിക്കൽ എമർജൻസി റെസ്പോൺസ് സെൻറർ സ്ഥാപിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിനായി 20 സെൻറ് സ്ഥലം കാക്കനാട് അനലറ്റിക്കൽ ലബോറട്ടറിക്ക് സമീപം അനുവദിച്ചിട്ടുണ്ട്. ഇതിൻെറ നിർമ്മാണം ഉടൻ തുടങ്ങുന്നതാണ്. ഇവിടെ രാസ പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന വ്യവ സായശാലകളുടെ സൊസൈറ്റി രൂപീ- കരിക്കുവാനും 24മണിക്കൂറും പ്രവർത്തി ക്കുന്ന ഒരു കൺട്രോൾ റൂം സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു. |
| ഇ)സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര- സംസ്ഥാന -സ്വകാര്യ വ്യവസായസ്ഥാപന ങ്ങളിൽ ഏതെല്ലാം രാസവസ്തുക്കളാണ് ഉപയോഗിക്കുന്നത് എന്നത് സംബന്ധിച്ച് വിവരങ്ങൾ ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പിൽ ലഭ്യമാണോ എന്ന് അറിയിക്കുമോ? | ഇ)വ്യവസായസ്ഥാപനങ്ങളിൽ ഉപയോ ഗിക്കുന്ന രാസവസ്തുക്കളെ സംബന്ധിച്ച വിവരങ്ങൾ ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പിൽ ലഭ്യമാണ്. |

Vivekanand

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ 489 28.3.2007 ൽ മറുപടിക്ക്

## തീരദേശ സുരക്ഷിതത്വത്തിനായുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.പി.വിശ്വൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.സി.കെ.സദാശിവൻ | കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) തീരദേശ സുരക്ഷിതത്വത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; | എ) സമുദ്രം വഴി ഇന്ത്യയുടെ തീരപ്രദേശങ്ങളിലേയ്ക്കുള്ള അനധികൃത കടന്നുകയറ്റവും കുറ്റകൃത്യ പ്രവർത്തനങ്ങളും തടഞ്ഞുകൊണ്ട് രാജ്യത്തിന്റെ തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനായി സംസ്ഥാന പോലീസ് സേനകൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയ്ക്ക് ഇന്ത്യാ ഗവൺമെന്റിന്റെ ആഭ്യന്തര മന്ത്രാലയം പ്രത്യേക ഊന്നൽ നൽകുകയും ഇത് ഉറപ്പാക്കുന്നതിനായി കേരള സംസ്ഥാനത്ത് വിഴിഞ്ഞം , നീണ്ടകര, തോട്ടപ്പള്ളി, ഫോർട്ട് കൊച്ചി, അഴീക്കോട് , ബേപ്പൂർ, അഴീക്കൽ, ബേക്കൽ എന്നിവിടങ്ങളിലായി 8 തീരദേശ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തുടനീളം തീരദേശങ്ങളിൽ ഇപ്പോൾ തന്നെ നിലവിലുള്ള പോലീസ് സ്റ്റേഷനുകൾ എല്ലാം തന്നെ പ്രത്യേക ജാഗ്രത പുലർത്തി വരുന്നുണ്ട്. |
| ബി) തീരദേശ മേഖലയിൽ പുതുതായി എത്ര പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്; | ബി) തീരദേശ മേഖലയിൽ എട്ട് തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നുണ്ട്. |

| | |
|---|---|
| സി) ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും പ്രത്യേക സഹായം ലഭിച്ചിട്ടുണ്ടോ; | സി) 8 തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുകയുടെ 50% ആയ 98.8 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ നീണ്ടകര തീരദേശ പോലീസ് സ്റ്റേഷന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി 19,80,000/-രൂപ കേന്ദ്ര ഗവൺമെന്റ ഗ്രാന്റ് ഇൻ എയ്ഡ് ആയി അനുവദിച്ചിട്ടുണ്ട്. |
| ഡി) തീരദേശ മേഖല സുരക്ഷിതമല്ല എന്ന കേന്ദ്ര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ? | ഡി) വിവിധ ഇന്റലിജൻസ് ഏജൻസികളുമായി നിരന്തരം ബന്ധപ്പെട്ട് രഹസ്യ വിവരശേഖരണം നടത്തിവരുന്നു. ഇതിനായി ' ഇന്റർ സ്റ്റേറ്റ് ഇന്റലിജൻസ് സപ്പോർട്ട് ടീം (ISIST)' കേരള വിഭാഗം സദാ പ്രവർത്തിച്ചുവരുന്നു. BDDS (Bomb Detection Disposal Squad), ഡോഗ് സ്ക്വാഡ് എന്നിവയുടെ പ്രവർത്തനവും കാര്യക്ഷമമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ: 489 — 28. 3. 2007-ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ്**

ചോദ്യം — മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

ശ്രീ. കെ . ടി. ജലീൽ.
ശ്രീ.എ.എം.ആരിഫ്.
ശ്രീ. എം.ജെ. ജേക്കബ്.
ശ്രീ. ടി.പി.കുഞ്ഞുണ്ണി.
ശ്രീ. ബി.ഡി.ദേവസ്സി

| ചോദ്യം | മറുപടി |
|---|---|
| എ) മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിനുള്ള മാനദണ്ഡം എന്താണ്; എത്ര കാലയളവിലേക്കാണ് പെർമിറ്റ് അനുവദിക്കുന്നത് ; | എ) മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ കൊടുക്കുന്നു<br>1) മത്സ്യബന്ധന വള്ളവും ഔട്ട് ബോർഡ് എഞ്ചിനും ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതായിരിക്കണം,<br>2) ഔട്ട് ബോർഡ് മോട്ടോർ പുതുതായി വാങ്ങിയതോ, അല്ലെങ്കിൽ സാധാരണ ഗതിയിൽ ആറു വർഷത്തിലധികം പഴക്കമുള്ളതോ ആയിരിക്കരുത്<br>3) എഞ്ചിനും വള്ളവും പ്രവർത്തനത്തിലുള്ളതായിരിക്കണം.<br>4) ഫിഷറീസ് , സിവിൽ സപ്ലൈസ്, മത്സ്യഫെഡ്, എന്നീ വകുപ്പുകൾ സംസ്ഥാനത്ത് ഒട്ടാകെ ഒരു ദിവസമാണ് സംയുക്തമായി പരിശോധന നടത്തേണ്ടത്.<br>5) എഞ്ചിനുകളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലാണ് മണ്ണെണ്ണയുടെ അളവ് നിശ്ചയിക്കുന്നത്.<br>6) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന എഞ്ചിന്റെ തരം, കുതിരശക്തി, എഞ്ചിൻ നമ്പർ എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയിരിക്കണം |

7) ഹാജരാക്കുന്ന മത്സ്യബന്ധന യാനത്തിന്റെ തരം, നീളം, വീതി എന്നിവയും അനുവദിച്ചു നൽകിയ രജിസ്ട്രേഷൻ നമ്പരും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലെ രേഖയുമായി പരിശോധിച്ച് ഒന്നുതന്നെയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

8) കൈമാറ്റങ്ങൾ സംബന്ധിച്ച് വിലച്ചീട്ടും/വിലയാധാരം അതിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പിലെ ബന്ധപ്പെട്ട ഓഫീസിൽ നിന്നും നിലവിലുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ഉൾക്കൊള്ളിച്ച് ഒപ്പു വച്ചിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.

മൂന്നുവർഷ കാലയളവിലേക്കാണ് നിലവിൽ പെർമിറ്റുകൾ പുതുക്കി നൽകുന്നത്.

ബി) പെർമിറ്റ് ലഭിച്ചിട്ടുള്ളവർ മത്സ്യബന്ധന വള്ളം ഇല്ലാതിരുന്നിട്ടും പെർമിറ്റ് ഉപയോഗിച്ച് മണ്ണെണ്ണ വാങ്ങുകയും വാങ്ങുന്ന മണ്ണെണ്ണ മറിച്ചു വിറ്റ് ലാഭം ഉണ്ടാക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ബി) ഒറ്റപ്പെട്ട ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പരാതിയിൻമേൽ വിശദമായ അന്വേഷണം നടത്തുകയും അതിന്റെ വെളിച്ചത്തിൽ പ്രസ്തുത കക്ഷികളുടെ പേരിൽ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട് എന്നിവർക്ക് നിർദ്ദേശം നൽകുകയും പ്രസ്തുത പെർമിറ്റുകൾ റദ്ദു ചെയ്യണമെന്ന് ജില്ലാ സപ്ലൈ ഓഫീസറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി പെർമിറ്റ് നിശ്ചിത കാലാവധി വരെ മാത്രം നൽകുന്നതിനും പുതുക്കി നൽകുമ്പോൾ അയാളുടെ ഉടമസ്ഥതയിൽ വള്ളം ഉണ്ടോ എന്ന് പരിശോധിക്കുന്നതിനും ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ ?

സി) ഇതിനാവശ്യമായ സംവിധാനങ്ങൾ ഇപ്പോൾതന്നെ നിലവിലുണ്ട്. എന്നിരുന്നാലും ഈ ദുരുപയോഗം തടയുന്നതിന് ഇനി മുതൽ മണ്ണെണ്ണ പെർമിറ്റ് എല്ലാ വർഷവും പുതുക്കി നൽകുന്നതിനും മത്സ്യത്തൊഴിലാളി വികസന ക്ഷേമ സംഘങ്ങൾക്ക് പെർമിറ്റുകൾ നൽകി മണ്ണെണ്ണ സ്റ്റോക്ക് ചെയ്ത് പ്രസ്തുത സംഘങ്ങൾ വഴി അതിലെ അംഗങ്ങൾക്ക് എണ്ണ വിതരണം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 490 28-03-2007-ൽ മറുപടിയ്ക്ക്

ഫ്ളാറ്റുകൾ കൊമേഴ്സ്യൽ കോംപ്ലക്സുകൾ എന്നിവയുടെ രജിസ്ട്രേഷൻ

ചോദ്യം

ശ്രീ.എം.ഹംസ:
ശ്രീ.ബാബു.എം.പാലിശ്ശേരി:
ശ്രീ.പ്രകാശൻ മാസ്റ്റർ:
ശ്രീ.എം.എം.മോനായി:
ശ്രീ.എം.ചന്ദ്രൻ:

ഉത്തരം

ശ്രീ.എസ്.ശർമ്മ
(മത്സ്യ ബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | |
|---|---|
| (എ). ഫ്ളാറ്റുകൾ, കൊമേഴ്സ്യൽ കോംപ്ലക്സുകൾ എന്നിവയുടെ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ കൂടുതലായി എന്തെങ്കിലും വിവരങ്ങൾ കൂടി നൽകണമെന്ന് നിഷ്കർഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഫ്ളാറ്റുകൾ, കൊമേഴ്സ്യൽ കോംപ്ലക്സുകൾ എന്നിവയുടെ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ അവയ്ക്ക് മാത്രമായി എന്തെങ്കിലും വിവരങ്ങൾ കൂടി നൽകണമെന്ന് നിഷ്കർഷിക്കുവാൻ തീരുമാനിച്ചിട്ടില്ല. |
| (ബി). അധിക വിവരങ്ങൾ ആവശ്യപ്പെടാൻ തീരുമാനിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ ? | (ബി)യും (സി) യും ബാധകമല്ല. |
| (സി) സത്യസന്ധമായി വിവരങ്ങൾ നൽകാത്തവർക്കെതിരെ സ്വീകരിക്കുന്ന ശിക്ഷണ നടപടികൾ വ്യക്തമാക്കുമോ ? | |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 491 28-03-2007-ൽ മറുപടിയ്ക്ക്

## വ്യാജപ്പേരുകളിലെ ഭൂമി ക്രയവിക്രയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.ശക്തൻ:<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ:<br>ശ്രീ.എം.എ. വാഹിദ്: | ശ്രീ.എസ്.ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) വ്യാജപ്പേരുകളിൽ വൻ വിലയ്ക്ക് ഭൂമി ക്രയവിക്രയം നടത്തിവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇതു സംബന്ധിച്ച് ഔദ്യോഗിക വിവരങ്ങളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) എവിടെയെല്ലാമാണ് വൻതോതിൽ ഇത്തരം ഭൂമിയുടെ കച്ചവടം നടക്കുന്നത്; | (ബി)യും (സി) യും ബാധകമല്ല. |
| (സി) ഇത്തരം ക്രയവിക്രയത്തിന് കള്ളനോട്ട് ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *492

28.03.2007-ൽ മറുപടിയ്ക്ക്

## 'ഒഡെപെക്'-ന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. കൃഷ്ണപ്രസാദ്<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. സി.എച്ച് കുഞ്ഞമ്പു<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ.പി.കെ ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| എ) തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 'ഒഡെപെക്'-ന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) വിദേശത്ത് തൊഴിൽ നേടുന്നതിന് സഹായിക്കുന്നതിനായി 'ഒഡെപെക്' പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | ബി) വിദേശത്ത് തൊഴിൽ നേടുന്നതിന് സഹായിക്കുന്നതിനായി പല മാർഗ്ഗങ്ങളും 'ഒഡെപെക്' ചെയ്തു വരുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ ബയോഡേറ്റ സഹിതം ഒഡെപെകിൽ പേര് രജിസ്റ്റർ ചെയ്യാം. തലസ്ഥാനത്തിന് പുറത്തുള്ള ഉദ്യോഗാർത്ഥികൾക്ക് അതാത് ജില്ലാ ലേബർ ഓഫീസർമാർ വഴി ഫോം ലഭ്യമാക്കുന്നുണ്ട്. ന്യൂഡൽഹിയിലെ വിദേശ എംബസി മേധാവികൾക്ക് അവരവരുടെ രാജ്യങ്ങളിൽ നിന്നും തൊഴിലവസരങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് കത്ത് നൽകിയിട്ടുണ്ട്. കേന്ദ്ര പ്രവാസി കാര്യ മന്ത്രിയോടും വിദേശകാര്യ സഹമന്ത്രിയോടും എംബസികൾക്ക് ഇത്തരത്തിൽ ഉപദേശം നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ബന്ധപ്പെടാൻ കഴിയുന്ന വിദേശ തൊഴിൽദാതാക്കളോടും ഇതിനായി അഭ്യർത്ഥന നടത്തി വരുന്നു. സൗദി അറേബ്യ, മാലി ദ്വീപ് എന്നീ സർക്കാരുകളുടെ ആരോഗ്യ മന്ത്രാലയവും തൊഴിലവസരം നൽകാൻ തുടങ്ങിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇതിന്റെ ഫലമായി കൂടുതൽ പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടോ; | സി) | ഉണ്ട് |
| ഡി) | [illegible] തൊഴിൽ [illegible] വഴി പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | ഡി) | നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| ഇ) | ഓഫീസിനോട് അനുബന്ധിച്ച ട്രാവൽ ഏജൻസി തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടോ? | ഇ) | ഉണ്ട്. ട്രാവൽ ഡിവിഷന്റെ പ്രവർത്തനം മുൻ വർഷങ്ങളെക്കാൾ ഗണ്യമായി പുരോഗമിച്ചിട്ടുണ്ട്. ദേശത്തിനുള്ളിലും വിദേശത്തേയ്ക്കും യാത്രാ സൗകര്യമുള്ള മിക്കവാറും എല്ലാ എയർലൈനുകളുടെയും ടിക്കറ്റുകൾ ഇവിടെ ലഭ്യമാണ്. |

[illegible]

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 493

28. 3 2007-ൽ മറുപടിയ്ക്ക്

## സമുദ്രോല്പന്ന കയറ്റുമതി മേഖലയിലെ തൊഴിലാളികൾ

ചോദ്യം

മറുപടി

ശ്രീ. എം.കെ. പുരുഷോത്തമൻ
ശ്രീ എ.എം.ആരിഫ്
ശ്രീ പി. വിശ്വൻ
ശ്രീ സി.എം.ദിനേശ് മണി
ശ്രീ. കെ. വി. അബ്ദുൾ ഖാദർ.

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) സമുദ്രോല്പന്ന കയറ്റുമതി മേഖലയിലെ സംസ്ക്കരണ തൊഴിലാളികൾക്ക് തൊഴിൽ നിയമം അനുസരിച്ചുള്ള മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

എ) ഇത് തൊഴിൽ വകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയമാണ്.

ബി) ഇല്ലെങ്കിൽ 'മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

ബി) ബാധകമല്ല.

സി) ഇവർക്ക് എന്തെല്ലാം ക്ഷേമ പദ്ധതികളാണ് നടപ്പാക്കി വരുന്നത്;

സി) സംസ്ക്കരണ മേഖലയിലെ പീലിംഗ് ഷെഡുകളിൽ ജോലി ചെയ്തു വരുന്ന മത്സ്യ അനുബന്ധ മേഖലയിലെ തൊഴിലാളികൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ധനസഹായം നൽകിവരുന്നുണ്ട്. ഇപ്പോൾ താഴെ പറയുന്ന എട്ട് ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി
2. വാർദ്ധക്യകാല പെൻഷൻ പദ്ധതി
3. അനുബന്ധ തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം.
4. പ്രസവ ശുശ്രൂഷയ്ക്ക് ധനസഹായത്തിനുള്ള പദ്ധതി
5. എസ്.എസ്.എൽ.സി അവാർഡ്
6. രോഗ ചികിത്സാ ധനസഹായം.
7. അനുബന്ധ തൊഴിലാളികൾക്കുള്ള വിവാഹ ധനസഹായ പദ്ധതി
8. കുടുംബ സംവിധാന പദ്ധതി.

ഡി) പുതുതായി എന്തൊക്കെ ക്ഷേമ പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ നടത്തുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഡി) പുതിയ ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 494

28.3.2007-ൽ മറുപടിയ്ക്ക്

## സുനാമി അടിയന്തിര സഹായ പദ്ധതി

**ചോദ്യം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.എ.പി. അനിൽകുമാർ
ശ്രീ.എൻ.ശക്തൻ

എ) സുനാമി അടിയന്തിര സഹായ പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം സന്നദ്ധ സംഘടന കളെയാണ് ഏൽപ്പിക്കാനു ദ്ദേശിക്കുന്നത്;

ബി) ഈ സന്നദ്ധ സംഘടനകൾക്ക് എത്ര തുകയ്ക്ക് വീതമുള്ള പദ്ധതികളുടെ നിർമ്മാണം ഏൽപ്പിച്ചുകൊടുക്കുവാനാണ് ഉദ്ദേശിക്കുന്നത്?

**മറുപടി**

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു
മന്ത്രി)

എ) യും ബി) യും

സുനാമി അടിയന്തിര സഹായ പദ്ധതി നടപ്പിലാക്കുന്നതിന് സന്നദ്ധ സംഘടനകളെ നേരിട്ട് ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ സർക്കാർ ഏജൻസികളെ പദ്ധതി നടത്തിപ്പിൽ സഹായിക്കുന്ന തിനായി സന്നദ്ധ സംഘടനകളെ എംപാനൽ ചെയ്തിട്ടുണ്ട്. അഡീഷണൽ ഫിഷറീസ് ഡയറക്ടർ ചെയർമാൻ ആയ സെലക്ഷൻ കമ്മറ്റിയാണ് എംപാനൽമെന്റ് നടത്തിയത്. 122 സംഘടനകൾ അപേക്ഷിച്ചതിൽ 87 പേരെ അഭിമുഖത്തിന് ക്ഷണിക്കുകയും 50 സംഘടനകളെ എംപാനൽ ചെയ്യുകയും , ചെയ്തിട്ടുണ്ട്. ഇതിന് ചീഫ് സെക്രട്ടറി ചെയർമാൻ ആയ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മറ്റി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം നടത്തുന്ന ഫിഷറീസ് വകുപ്പിന്, ആവശ്യമെങ്കിൽ ഈ സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്താ വുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം.* 495

28.03.07-ൽ മറുപടിയ്ക്ക്

## മിനിമം വേജസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. എസ്. രാജൻ | | ശ്രീ.പി.കെ ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് മിനിമം വേജസ് നിശ്ചയിച്ചിട്ടില്ലാത്ത മേഖലകളുണ്ടോ; ഉണ്ടെങ്കിൽ ഈ മേഖലകളിൽ മിനിമം വേജസ് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | ഉണ്ട്. 1948-ലെ മിനിമം വേതന നിയമത്തിന്റെ അനുബന്ധ പട്ടികയിൽ ഉൾപ്പെട്ട തൊഴിലുകളിലാണ് മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. അങ്ങനെയുള്ള 79 തരം തൊഴിലുകൾ പട്ടികയിൽ ഉള്ളതിൽ 41 എണ്ണത്തിലാണ് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്. ഖാദി മേഖലയിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനായി കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 12 തൊഴിൽ മേഖലകളിൽ കൂടി മിനിമം വേതനം നിശ്ചയിക്കുന്നതിനായി കമ്മിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| ബി) | അടിയന്തിരമായി മിനിമം വേജസ് പുതുക്കി നിശ്ചയിക്കേണ്ട എത്ര മേഖലകളുണ്ട്; ഈ മേഖലയിൽ ഇത് എന്നത്തേയ്ക്ക് പുതുക്കി നിശ്ചയിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | ബി) | നിലവിലുള്ള നിയമമനുസരിച്ച് മിനിമം വേതനം നിശ്ചയിച്ച് 5 വർഷം പൂർത്തിയായാൽ ആ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതായിരിക്കും. അപ്രകാരം 19 മേഖലകളിൽ മിനിമം വേതനത്തിന്റെ 5 വർഷകാലാവധി പൂർത്തിയായി. ഇവയിൽ '3' മേഖലകളിൽ |

| | | | |
|---|---|---|---|
| | | | അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും '2' മേഖലകളിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>'14' മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്നുറപ്പു വരുത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഈ സംവിധാനങ്ങൾ കാര്യക്ഷമമാക്കുമോ? | സി) | സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ ലംഘിക്കുന്ന സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് പരിശോധന നടത്തിയും, ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ സ്ക്വാഡ് ഇൻസ്പെക്ഷനിലൂടെയും നടപടികൾ നടത്തി വരുന്നു. തൊഴിൽ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ--നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 496. 28.3.2007- ൽ മറുപടിയ്ക്ക്

## കല്ലുമ്മക്കായ് കൃഷിക്ക് ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി.അനിൽകുമാർ :<br>ശ്രീ.കെ.ബാബു :<br>ശ്രീ.കെ.ശിവദാസൻ നായർ : | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) സുനാമി ബാധയുണ്ടായ ഏതെല്ലാം പ്രദേശങ്ങളിലെ വനിതാ സ്വയം സഹായ സംഘങ്ങൾക്ക് കല്ലുമ്മക്കായ കൃഷിക്ക് ധനസഹായം നൽകി ; | (എ) സുനാമി ബാധയുണ്ടായ 17 പഞ്ചായത്തുകളിലെ വനിതാ സ്വയം സഹായ സംഘങ്ങൾക്ക് കല്ലുമ്മക്കായ കൃഷിക്ക് ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം വിധത്തിലുള്ള സഹായങ്ങളാണ് നൽകിയത് ; | (ബി) കല്ലുമ്മക്കായ കൃഷിയിൽ പരിശീലനവും പദ്ധതി നടപ്പാക്കുന്നതിനുള്ള സാങ്കേതിക സഹായവും വനിതാ സ്വയംസഹായ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി തുകയുടെ 62.5% സബ്സിഡിയായി നൽകാൻ തീരുമാനിക്കുകയും ആദ്യ ഗഡുവായ 8000 രൂപ വനിതാ സ്വയംസഹായ സംഘങ്ങൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) കല്ലുമ്മക്കായ കൃഷി ചെയ്യാൻ പറ്റിയ മറ്റ് സുനാമി ബാധിത സ്ഥലങ്ങളിൽ പ്രസ്തുത കൃഷിക്കുള്ള സഹായം നൽകാതിരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ? | (സി) കല്ലുമ്മക്കായ കൃഷിക്ക് സഹായം നൽകുന്നതിന് പത്രപരസ്യം നൽകിയാണ് അപേക്ഷ ക്ഷണിച്ചത്. ലഭിച്ച എല്ലാ അപേക്ഷകളും പരിഗണിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 497 

28. 3. 2007-ൽ മറുപടിയ്ക്ക്

## മലബാർ മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

ചോദ്യം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി.

മറുപടി

ശ്രീ. എസ് ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു
മന്ത്രി)

എ) ഫിഷറീസ് വകുപ്പിൽ മലബാർ മേഖലയിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ നിലവിലുണ്ടെന്ന് പറയുമോ ;

എ) മലബാർ മേഖലയിൽ പൊന്നാനി, തലായ്, കൊയിലാണ്ടി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും ബേപ്പൂർ തുറമുഖത്തിന്റെ നവീകരണവും, ചോമ്പാൽ, പുതിയാപ്പ, മാപ്പിളബേ എന്നീ തുറമുഖങ്ങളുടെ ഹൈജീനിക് ഇംപ്രൂവ്മെന്റ് പദ്ധതികളും നിലവിലുണ്ട്.

കർഷക ആത്മഹത്യാ പ്രവണതയുള്ള ജില്ലകളിൽ പരിഹാരമെന്ന നിലയിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പ്രത്യേക പദ്ധതിപ്രകാരം പാലക്കാട്, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് 103 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കൂടാതെ ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്ന എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും മറ്റു ജില്ലകളിലേതുപോലെ മലബാർ മേഖലയിലും നടപ്പാക്കി വരുന്നു.

ബി) ഇവ ഓരോന്നിനും കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ധന സഹായം എത്രയാണ് ; ഇതിൽ എത്ര തുക ചെലവാക്കി ;

ബി) കേന്ദ്ര സഹായമായി പദ്ധതി ചെലവിന്റെ 50% താഴെപറയുന്ന പൊന്നാനി , തലായ്, കൊയിലാണ്ടി, ബേപ്പൂർ എന്നിവയ്ക്ക് ലഭിക്കുന്നുണ്ട്.

| പദ്ധതി | അംഗീകരിച്ച തുക (ലക്ഷം) | കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക (ലക്ഷം) | 2006-07ലെ പദ്ധതിചെലവ്. 28-2-07വരെ (ലക്ഷത്തിൽ) |
|---|---|---|---|
| പൊന്നാനി | 2759.40 | 600 | 184.370 |
| തലായ് | 1925.74 | 50 | - |
| കൊയിലാണ്ടി | 3545.00 | 200 | 0.44 |
| ബേപ്പൂർ | 273.60 | 75 | 1.80 |
| പാലക്കാട്, കാസർഗോഡ്, വയനാട് ജില്ലകൾക്കുള്ള പ്രത്യേക പദ്ധതി. | | 103 | |

സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഗുണത്തിനായി ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

സി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് ഗുണം ലഭിക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1) ഭവനനിർമ്മാണ പദ്ധതി
2) ഭവന അറ്റകുറ്റ പണിക്കുള്ള പദ്ധതി.
3) നാടൻവള്ളങ്ങളുടെ നവീകരണം.
4) മത്സ്യബന്ധന വലകൾക്ക് അനുയോജ്യമായ അനുബന്ധ ഉപകരണങ്ങളുടെ വിതരണം.
5) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾ കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ
6) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി സഹായത്തോടെയുള്ള സമ്പാദ്യ സുരക്ഷാ പദ്ധതി.
7) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.
8) മത്സ്യബന്ധന തുറമുഖങ്ങൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവയുടെ നിർമ്മാണം.

ഡി) പ്രസ്തുത പദ്ധതികൾ മൂലം അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് വിശദീകരിക്കുമോ ?

ഡി) 1) ഫിഷിംഗ് ഹാർബറുകളും ഫിഷ് ലാന്റിംഗ് സെന്ററുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജോലി സുഗമമാക്കുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും സഹായിക്കും.

2) ദേശീയ ഭവന നിർമ്മാണ പദ്ധതി പ്രകാരം കഴിഞ്ഞ വർഷം സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് ഒരു വീടിന് 40,000/- രൂപ നിരക്കിലും വീട് അറ്റകുറ്റപ്പണിക്കായി 20000/- രൂപ നിരക്കിലും ധനസഹായം നൽകിവരുന്നു. 10 എച്ച്.പി.യിൽ താഴെയുള്ള എഞ്ചിനുകൾക്ക് പരമാവധി 20,000/- രൂപ സബ്സിഡി ഇനത്തിൽ കേന്ദ്ര സഹായം നൽകുന്നു. സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ അംഗമായിട്ടുള്ള മത്സ്യത്തൊഴിലാളികൾ പ്രതിമാസം 75 രൂപ നിരക്കിൽ 8 മാസം തുക അടയ്ക്കുന്നു. ഇതിനു തുല്യമായ തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിക്ഷേപിക്കുന്നു. ഇപ്രകാരം ഒരാൾക്ക് 1200 രൂപ സമാഹരിക്കപ്പെടുന്നു. ഈ തുക നാലു ഗഡുക്കളായി കൊടുക്കുന്നു. എല്ലാ സജീവ മത്സ്യത്തൊഴിലാളികളും ഇൻഷ്വർ ചെയ്യപ്പെട്ടവരാണ്. ഇൻഷ്വറൻസ് തുകയുടെ വാർഷിക തവണകൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി വഹിക്കുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 498

28.3.2007 ൽ മറുപടിക്ക്

## സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.വി.ശശികുമാർ<br>ശ്രീമതി കെ.എസ് സലീഖ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ | കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കേരള പോലീസ് (പരിഷ്കരണ) ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ പോലീസിന്റെ സേവനം മെച്ചപ്പെടുത്തുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) കേരള പോലീസ് (പരിഷ്കരണ ) ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ പോലീസിന്റെ സേവനം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന കാര്യങ്ങളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.<br><br>1) സംസ്ഥാന തലത്തിൽ പോലീസിന്റെ പ്രവർത്തനത്തിനും ആവശ്യമായ നയ രൂപീകരണത്തിനും പ്രവർത്തനം വിലയിരുത്തുന്നതിനുമായി ഒരു സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷനെ നിയോഗിക്കുക<br>2) സംസ്ഥാനത്തിലെ സർക്കിൾ ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥൻമാരുടെ സ്ഥലംമാറ്റം, പ്രൊമോഷൻ മുതലായ കാര്യങ്ങൾ തീരുമാനിക്കുന്നതിനും ഡെപ്യൂട്ടി സൂപ്രണ്ടിനു മേലുള്ള ഉദ്യോഗസ്ഥൻമാരുടെ സ്ഥലംമാറ്റം മുതലായ കാര്യങ്ങളിൽ സർക്കാരിന് ശുപാർശ നൽകാനും മറ്റും പോലീസ് എസ്റ്റാബ്ളിഷ്മെന്റ് ബോർഡ് രൂപീകരിക്കുക.<br>3) ക്രമസമാധാനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻമാർക്ക് അവരുടെ തസ്തികകളിൽ രണ്ടുവർഷം പൂർത്തിയാകാതെ സാധാരണ നിലയിൽ സ്ഥലംമാറ്റം നടത്താതിരിക്കുക. |

| | |
|---|---|
| | 4) സംസ്ഥാന തലത്തിൽ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയുടെ അദ്ധ്യക്ഷതയിലും ജില്ലാതലത്തിൽ ഒരു റിട്ടയേർഡ് ജില്ലാ ജഡ്ജിയുടെ അദ്ധ്യക്ഷതയിലും പോലീസുകാർക്ക് എതിരെയുള്ള പരാതികൾ അന്വേഷിക്കാൻ പോലീസ് കംപ്ലയിന്റ് അതോറിറ്റികൾ രൂപീകരിക്കുക.<br>5) കുറ്റാന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കുറ്റാന്വേഷണ വിഭാഗത്തെ ക്രമസമാധാനത്തിന്റെ ചുമതലയുള്ള പോലീസ് വിഭാഗത്തിൽ നിന്നും വേർപ്പെടുത്തുക.<br>ഓർഡിനൻസ് ഇപ്പോൾ നിലവിൽ വന്നിട്ടില്ല. അടുത്തുതന്നെ പ്രാബല്യത്തിൽ കൊണ്ടുവരുന്നതും ഇതിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമാണ്. |
| ബി) സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; ഇതിലെ അംഗങ്ങൾ ആരെല്ലാമാണ്;<br><br>സി) പോലീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) യും (സി) യും ഇപ്പോൾ നിലവിലില്ല. ഓർഡിനൻസ് നിലവിൽ വരുമ്പോൾ ഈ സംവിധാനങ്ങളും പ്രാബല്യത്തിൽ വരും.<br>ഓർഡിനൻസിൽ സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷന്റെ ഘടന താഴെ പറയുന്ന രീതിയിലാണ് നിശ്ചയിച്ചിരിക്കുന്നത്.<br>ആഭ്യന്തര വകുപ്പിന്റെ<br>ചുമതലയുള്ള മന്ത്രി - അദ്ധ്യക്ഷൻ<br>പ്രതിപക്ഷനേതാവ് - അംഗം<br>ചീഫ് സെക്രട്ടറി - അംഗം (എക്സ് ഒഫീഷ്യോ)<br>ആഭ്യന്തര വകുപ്പ്<br>സെക്രട്ടറി - അംഗം (എക്സ് ഒഫീഷ്യോ)<br>ഡി.ജി.പി - അംഗം (എക്സ് ഒഫീഷ്യോ)<br>ഗവർണ്ണർ നാമ നിർദ്ദേശം ചെയ്യുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങൾ |
| ഡി) പോലീസ്- ബഹുജനബന്ധം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | ഡി) പോലീസിനെ കൂടുതൽ ജനകീയമാക്കുന്നതിനുവേണ്ടി കമ്മ്യൂണിറ്റി പോലീസിംഗ് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതോടൊപ്പം പോലീസും പൊതുജനങ്ങളും തമ്മിൽ സൗഹൃദബന്ധം സ്ഥാപിക്കുന്നതിന്റെ ഭാഗമായി പരീക്ഷണാർത്ഥം 56 പോലീസ് സ്റ്റേഷനുകളിൽ [illegible] |

പാറാവ് ഡ്യൂട്ടിക്കാരന് പകരം പിസ്റ്റൾ ധരിച്ച സ്റ്റേഷൻ സെക്യൂരിറ്റി ഓഫീസർമാരെ നിയമിക്കുകയുണ്ടായി. ഇവ കൂടാതെ റിസപ്ഷൻ കൗണ്ടറുകൾ നർക്കോട്ടിക് സെൽ, വെബ് പോർട്ടൽ, പോലീസ് ഹെൽപ്പ്‌ലൈൻ, പരാതി പരിഹാര സെൽ, സ്പന്ദനം, മൈത്രി, ഹൈവേ അലർട്ട്, റെയിൽവേ അലർട്ട്, ഫോണിലൂടെയുള്ള പരാതി പരിഹാരം, അദാലത്ത്, കൺസൾട്ടേറ്റീവ് കമ്മിറ്റികൾ എന്നിവയും നടപ്പാക്കിവരുന്നു..

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 499. 28.3.2007 - ൽ മറുപടിക്ക്

തീരദേശ വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.എൻ.ജയരാജ് :<br>ശ്രീ.കെ.എം.മാണി :<br>ശ്രീ.സി.എഫ്.തോമസ് :<br>ശ്രീ.തോമസ് ഉണ്ണിയാടൻ : | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) തീരദേശ വികസന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (എ) തീരദേശ മേഖലയുടെ വികസനത്തിന് സമഗ്ര തീരദേശ വികസന പരിപാടി തയ്യാറാക്കാൻ ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെൻറു (എൻ.ഐ.ആർ.ഡി) മായി ചർച്ച നടത്തിവരുന്നു. എൻ.ഐ.ആർ.ഡി, പദ്ധതികൾ തയ്യാറാക്കുന്നത് മോണിറ്റർ ചെയ്യാനും നടപ്പിലാക്കാനുമായി തീരദേശ വികസന ഏജൻസിയെ (**Coastal Development Agency**) ഏൽപ്പിക്കാൻ തീരുമാനിച്ചു. |
| (ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) 2006-07 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം, 12-ാം ധനകാര്യകമ്മീഷൻ അനുവദിച്ചിരിക്കുന്ന തുകയും വിവിധ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയിൽനിന്ന് തീരദേശ മേഖലക്ക് നീക്കി വയ്ക്കാൻ കഴിയുന്ന തുകയും സംയോജിപ്പിച്ച് 3000 കോടി രൂപയുടെ ഒരു സമഗ്ര തീരദേശ വികസന പരിപാടി തയ്യാറാക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. |
| (സി) ഇതിനുവേണ്ടി എത്ര തുക നീക്കി വച്ചിരുന്നു ; | (സി) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സപ്ലിമെൻററി ഡിമാൻഡ് ഫോർ ഗ്രാൻറ് ആയി 50 ലക്ഷം രൂപ 2405-00-800-33 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) ഇതിൽ എത്ര തുക ചെലവഴിച്ചു ? | (ഡി) NIRD യുമായി എഗ്രിമെൻറ് വയ്ക്കുന്ന മുറയ്ക്ക് ഈ തുക ചെലവഴിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 500* — 28.3.2007 ൽ മറുപടിക്ക്

**മരാമത്ത്പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിൽ ജനകീയ പങ്കാളിത്തം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി . അയിഷാ പോറ്റി :<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ :<br>ശ്രീ. വി.ചെന്താമരാക്ഷൻ:<br>ശ്രീ.എം.ജെ. ജേക്കബ്<br>ശ്രീ. കെ.കെ.ജയചന്ദ്രൻ | ഷെവ. ടി. യു. കുരുവിള<br>മരാമത്ത് വകുപ്പ് മന്ത്രി |
| (എ) മരാമത്ത്പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം എന്താണ്.; | (എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലുള്ള (കെ.എച്ച്.ആർ.ഐ) പരീക്ഷണ ശാലകളിൽ പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനാവശ്യമായ സംവിധാനം നിലവിലുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രണ്ട് ക്വാളിറ്റി കൺട്രോൾ വിഭാഗവും പ്രവർത്തിച്ചു വരുന്നു. കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിൻ കീഴിലുള്ള (കെ.എസ്.റ്റി.പി) പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ലോകബാങ്കിന്റെ അംഗീകാരത്തോടെയുള്ള അന്തർദേശീയ ഏജൻസിയായ സി.എസ്.സി (കൺസ്ട്രക്ഷൻ സൂപ്പർവിഷൻ കൺസൾട്ടൻസി) യെ ഏർപ്പെടുത്തിയിട്ടുമുണ്ട്. |

(മറുപുറം)

| | |
|---|---|
| (ബി) കഴിഞ്ഞ അഞ്ച് വർഷകാലയളവിൽ പൊതുമരാമത്ത് പണികളിൽ അംഗീകൃത മാനദണ്ഡവും ഗുണനിലവാരവും പുലർത്താത്തതിന്റെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അതിൽ എത്രപേർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) ഗുണനിലവാരം പുലർത്താത്തിന്റെ പേരിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (സി) വൻകിട മരാമത്ത് പണികളുടെ ബില്ലുകൾ പാസ്സാക്കുന്നതിന് മുൻപ് ഗുണപരിശോധനാ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിബന്ധനയുണ്ടോ; | (സി) ദേശീയപാതാ വിഭാഗത്തിലും, കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് നടത്തിവരുന്ന പണികളുടെ ബില്ലുകൾ പാസ്സാക്കുന്നതിനു മുൻപും ഗുണപരിശോധനാ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിബന്ധനയുണ്ട് |
| ഡി) മരാമത്ത് പണികളിലെ അഴിമതി തടയുന്നതിന് പുതുതായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ഡി) പൊതുമരാമത്ത് വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന വിജിലൻസ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകളുടെ പ്രവർത്തനവും കാര്യക്ഷമമാക്കുവാൻ ഉദ്ദേശിക്കുന്നു. |
| ഇ) മരാമത്ത് പണികളുടെ പരിശോധനയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ഇ) ഇപ്പോൾപരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 501 | 28/3/2007 ൽ മറുപടിക്ക്

## നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി. കുഞ്ഞിരാമൻ<br>ശ്രീമതി.ജെ. അരുന്ധതി<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ.പി.ടി.എ. റഹിം | ശ്രീ.പി.കെ.ഗുരുദാസൻ<br>തൊഴിലും എക്സൈസും വകുപ്പു മന്ത്രി |
| (എ) കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി)ക്ഷേമനിധിയിൽ എത്ര തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്; | (ബി)കേരള കെട്ടിട നിർമ്മാണ തൊഴിലാളിക്ഷേമ ബോർഡിൽ 12,77,997 തൊഴിലാളികൾ അംഗത്വമെടുത്തിട്ടുണ്ട്. |
| (സി) തൊഴിലാളികൾക്ക് പുതുതായി ആനുകൂല്യങ്ങൾ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (സി) ഉണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമബോർഡിൽ അംഗത്വമുള്ള തൊഴിലാളി മരണമടഞ്ഞാൽ ആശ്രിതർക്ക് പുതുതായി പ്രതിമാസം 200/- രൂപ നിരക്കിൽ ആശ്വാസധനസഹായം നൽകുന്നതിന് ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്.<br>കൂടാതെ നിലവിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഇതുമൂലം എന്തു തുകയുടെ അധിക ബാധ്യത ബോർഡിന് ഉണ്ടാകും; | (ഡി) പുതിയ ധനസഹായം നൽകുക വഴിയും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതു കാരണവും [redacted] ബോർഡിന് പ്രതിവർഷം ഉദ്ദേശം പത്തു കോടി രൂപയുടെ അധിക ബാധ്യതയുണ്ടാകുമെന്ന് കണക്കാക്കുന്നു. |
| (ഇ) തൊഴിലാളികളുടെ ചികിൽസാ സഹായം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ? | (ഇ) ഉണ്ട്. ചികിൽസാസഹായം വർദ്ധിപ്പിക്കുന്നതിന് ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: *502. 28.3.2007 ന് മറുപടിക്ക്

## ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്താൻ നടപടി

| ചോദ്യം. | ഉത്തരം |
| --- | --- |
| ശ്രീ. ടി.പി. കുഞ്ഞുണ്ണി:<br>ശ്രീ. വി.എൻ. വാസവൻ:<br>ശ്രീ. മുരളി പെരുനെല്ലി:<br>ശ്രീമതി. കെ.കെ. ലതിക:<br>ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ: | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി). |
| (എ) ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം; | (എ) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി നിലവിൽ 8 ഐ.ടി.ഐ. കളെ 2 ഘട്ടങ്ങളായി മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ ചാക്ക, കളമശ്ശേരി, ഏറ്റുമാനൂർ, ചന്ദനത്തോപ്പ് (കൊല്ലം), ചാലക്കുടി എന്നീ ഐ.ടി.ഐ. കളും, രണ്ടാം ഘട്ടത്തിൽ കൊല്ലം വനിത, ധനുവച്ചപുരം, പള്ളിക്കത്തോട് എന്നീ ഐ.ടി.ഐകളും മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ മലമ്പുഴ, കോഴിക്കോട്, കണ്ണൂർ, ചെങ്ങന്നൂർ, അരീക്കോട്, കാസർഗോഡ്, ആറ്റിങ്ങൽ, കട്ടപ്പന, ചെന്നീർക്കര, മാള, കഴക്കൂട്ടം (വനിത), കോഴിക്കോട് (വനിത), കയ്യൂർ എന്നീ 13 ഐ.ടി.ഐ. കളെ ഈ പദ്ധതിയനുസരിച്ച് മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുവാനുള്ള നിർദ്ദേശം പരിഗണിച്ചുവരുന്നു. |
| (ബി) അടുത്ത വർഷം ഏതെങ്കിലും ഐ.ടി.ഐ. കളെ അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം; | (ബി) ഈ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്താൻ ശുപാർശ നൽകിയിട്ടുള്ള 13 ഐ.ടി.ഐ. കളിൽ കട്ടപ്പന, ചെന്നീർക്കര, മാള, കഴക്കൂട്ടം (വനിത), കോഴിക്കോട് (വനിത) കയ്യൂർ, അരീക്കോട് എന്നീ സെക്കന്റ് ഗ്രേഡ് ഐ.ടി.ഐ. കളെ ഒന്നാം നിര ഐ.ടി.ഐ. കളായി ഉയർത്തേണ്ടതാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്. |

..2

(സി) കാലഹരണപ്പെട്ട കോഴ്സുകൾ നിർത്തലാക്കി പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് പദ്ധതി ഉണ്ടോ;

(സി) ഉണ്ട്. റീവാംമ്പിംഗിന്റെ ഭാഗമായി 2003-04, 2004-05, 2005-06, 2006-07 വർഷങ്ങളിൽ അനുബന്ധത്തിൽ പറയുന്ന കാലഹരണപ്പെട്ട കോഴ്സുകൾ നിർത്തലാക്കി പകരം പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) പുതുതായി ഐ.ടി.ഐ. കൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ.

ꗮ്രാന്ദുരം

1

## REVAMPING OF COURSES IN ITIs

**2003-04**
**As per G.O. (Rt) 3739/2002/LBR dated 11.12.02**

| ITI | Name of Obsolete trades stopped | Name of course newly sanctioned during 2003-04 | Period of Training | Whether Started or not |
|---|---|---|---|---|
| [illegible]puram | Forger & Heat Treater | Tool & Dye Maker | 6 Months | Yes |
| [illegible]puram | Foundry men | Computer Operator programming Assistant (COPA | 1 Year | Yes |
| [illegible]chai | MRTV | Mech. Medical electronics | 2 Year | Yes |
| [illegible] | Post ITI TV Technician | Front Office Assistant | 6 Months | Yes |
| [illegible] | wireman | Electroplater | 1 Year | Yes |
| [illegible] | Foundry men | Electroplater | 1 Year | No. |
| [illegible] | Mechanic Tractor | Mech. Diesel | 1 year | Yes |
| [illegible]noor | Welder | COPA | 1 Year | Yes |
| [illegible]noor | Steno (E) | Front Office Assistant | 6 Months | No. |

## REVAMPING OF COURSES IN ITIs

**2004-05**
**As per G.O. (Rt) 52/2004/LBR dated 28.9.04**

| Name of ITI | Name of Obsolete trades stopped | Name of course newly sanctioned during 2004-05 | Period of Training | Whether Started or not |
|---|---|---|---|---|
| Chackai | Intensive Plumber | Sanitary Hardware fitter | 6 Monts | Yes. |
| Chackai | Steno (E) | Front Office Assistant | 6 Months | Yes. |
| (W) Kazhakuttom | Watch & clock Mech. | Hospital House Keeping | 1 Year | Yes. |
| Chathannoor | Hair & skin care | Electrician | 2 Year | Yes. |
| Chandanathope | Forger &Heat treater (FHT) | Driver cum Mech. | 6 months | No. |
| Chandanathope | Foundry man | Data Entry Operator | 6 months | Yes. |
| W Kollam | Watch &clock Mech. | Hospital House keeping | 1Year | Yes. |
| W) Kollam | MRTV | Mech. Computer Hardware | 2 Year | Yes. |
| W)Kollam | Steno (E) | Data Entry Operator | 6 Months | Yes. |
| Chengannur | Forger &Heat treater (FHT) | Horticulture | 1 Year | Yes. |
| Chengannur | Forger &Heat treater | Driver cum Mech. | 6 Months | Yes. |

| | | | | |
|---|---|---|---|---|
| Kalamassery | Carpenter | Mechanic Machine Tool Maintance | 2 Year | No. |
| Kalamassery | Plumber Intensive | Sanitary Hardware Fitter | 1 Year | Yes |
| Chalakkudy | Post ITI TV Tech. | Mechanic Medical Electronics | 2 Year | Yes |
| Kannur | MRAC (Post ITI) | Mechanic Refrigeration &Air conditioning | 6 Months | Yes |

| | | | | |
|---|---|---|---|---|
| **Ettumanoor** | **Forger &Heat treater** | **Health sanitary inspector** | 1 Year | Yes. |
| **Ettumanoor** | **Forger &Heat treater** | **Driver cum Mech** | **6 Months** | Yes. |
| Pallickathode | Post ITI TV Tech. | Diarying | 1 Year | No |
| Kalamassery | Forger &Heat treater | Data entry operator | 6 months | Yes. |
| Kalamasery | **Sanitary fitter** | Sanitary hardware fitter | 6 months | Yes. |
| Kalamassery (W) | Steno (E) | Front office assistant | 6 months | Yes. |
| Kattappana | Forger &Heat treater | Sanitary hardware fitter | 6 months | Yes. |
| Mala | **MRTV** | Mech. Computer Hardware | 2 Year | No |
| Malampuzha | Post ITI TV Tech. | Mechanic Industrial electronic | 2 Year | Yes. |
| (W) Malampuzha | **MRTV** | Health sanitary Inspector | 1 Year | Yes. |
| Areacode | Forger &Heat treater | Sanitary hardware fitter | 6 months | Yes. |
| Kozhikkode | Forger &Heat treater | Mechanic auto electrical & electronics | 6 months | No |
| Kannur | Steno (E) | Front office assistant | 6 months | Yes. |

## 2005-06

**As per G.O. (Rt) 91/2005/LBR dated 17.10.05**

| Name of ITI | Name of Obsolete trades stopped | Name of course newly sanctioned during 2005-06 | Period Training | Whether Started or not |
|---|---|---|---|---|
| Kannur | Foundry Man | Mechanic Mechatronics | 2 Years | No |
| Kozhikode | Mech radio & Television | Mechanic Computer Hardware | 2 Years | No |
| Areacode | Forger & Heat Treater | Lift Mechanic Operator | 2 Years | No |
| Ettumanoor | Carpenter | Architectural Assistant | 1 Years | No |
| Pallikkathodu | Mech radio & Television | Mechanic Computer Hardware | 2 Years | No |
| Kollam | Foundry man | Lift Mechanic Operator | 2 Years | No |
| Kollam | Forger & Heat Treater | Health Sanitary Inspector | 1Years | No |
| Chackai | Forger & Heat Treater | Mechanic Computer Hardware | 2 Years | No |
| D'puram | Draftsman Mech | Mechanic Computer Hardware | 2 Years | No |
| D'puram | Mech radio & Television | Mechanic consumer Electronics | 2 Years | No |
| (W) Kozhikkode | Watch & Clock Mechanic | Fashion Technology | 1 Years | No |
| (W) Kozhikkode | Watch & Clock Mechanic | Mechanic Computer Hardware | 2 Years | No |

| | | | | |
|---|---|---|---|---|
| Kannur | Forger & Heat Treater | Building Maintenance | 6 Months | No |
| Kozhikode | Carpenter | Mech. Auto Electricals & Electronics | 6 Months | No |
| (W) Kozhikode | Steno (H) | Front office Assistant | 6 Months | No |
| (W) Kozhikode | Steno(E) | Data Entry operator | 6 Months | No |
| Kalamassery | Forger & Heat Treater | Driver cum Mechanic | 6 Months | No |
| Pallickathode | Steno (E) | Front Office Assistant | 6 Months | Yes |
| Kattappana | Steno (E) | Front Office Assistant | 6 Months | No |
| Chengannur | Foundry man | Mech Auto Electrical & Electronics | 6 Months | No |
| (W) Kollam | Electronics Mech | Network Technician | 6 Months | No |
| (W) Kollam | Steno(H) | Data Entry Operator | 6 Months | yes |
| (W) Kollam | Secretarial Practice | Front Office Assistant | 6 Months | No |
| D'puram | Foundry man | Health Sanitary Inspector | 6 Months | No |
| D'puram | Forger & Heat Treater | Driver Cum Mechanic | 6 Months | No |

**REVAMPING OF COURSES IN ITIs**

**2006-07**
**As per G.O. (MS) 63/2006/LBR dated 25.10.06**

| Sl No | Name of ITIs | Trade to be Stopped Wef8/06 | Trade to be Started Wef 8/06 | Duration |
|---|---|---|---|---|
| 1 | Chengannur | Steno(E) | Data Entry Operator | 6 Months |
| | | MRTV | Dental Laboratory technician | 2 Year |
| | | MRAC9Post ITI) | Mech Computer Hardware | 2 Year |
| | | Foundry Man | Mech Auto Electrical & Electronics | 6 Months |
| 2 | Kayyur | Steno(H) | E/Mech | 2 years |

Note: As part of revamping of Trades new and modern job oriented courses were started by stopping obsolete trades . No new posts were created in this regard. The existing instructors were given Training in the new trades started.

# പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ-503. 28. 3. 2007 ൽ മറുപടിക്ക്

**ദേശീയ പാതകളിലെ കുഴികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ബാബു<br>ശ്രീ. എം.മുരളി<br>ശ്രീ. കെ.സുധാകരൻ | ഡോ. റ്റി.യു.കുരുവിള<br>(മരാമത്തുവകുപ്പു മന്ത്രി) |
| (എ) ദേശീയപാതകളിലുള്ള കുഴികൾ മൂലം 2006-07-ൽ ഇതുവരെ എത്ര വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട് : | (എ) ദേശീയപാതകളിലുള്ള കുഴികൾ മൂലം 2006-07 ൽ 3 അപകടങ്ങൾ ഉണ്ടായിട്ടുള്ളതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്. |
| (ബി) ഈ അപകടങ്ങളിൽ എത്ര പേർ മരിച്ചു; ദേശീയപാതകളിൽ കുഴികളുണ്ടായാൽ ഉടൻതന്നെ അറ്റകുറ്റപണി നടത്തുവാനുള്ള സംവിധാനം നടപ്പിലാക്കുമോ? | (ബി) ഈ അപകടങ്ങളിൽ 3 പേർ മരിച്ചിട്ടുണ്ട്. ദേശീയ പാതകളിൽ കുഴികളുണ്ടായാൽ ഉടൻ തന്നെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സംവിധാനം സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

COVERNMENT OF KERAL

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ 504 — 28.3.2007 ൽ മറുപടിക്ക്

ട്രാഫിക് സംവിധാനം ആധുനികവൽക്കരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.സി.ജോർജ് | കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും<br>വകുപ്പു മന്ത്രി) |
| എ) നിലവിലുള്ള ട്രാഫിക് സംവിധാനം ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) സംസ്ഥാനത്തെ തിരക്കേറിയ ജംഗ്ഷനുകളിലും റോഡുകളിലും ആട്ടോമാറ്റിക് ട്രാഫിക് സിഗ്നൽ സംവിധാനവും ബസ് സ്റ്റോപ്പുകളോടനുബന്ധിച്ച് പുതുതായി ബസ്‌ബേകൾ നിർമ്മിച്ചും കൂടുതൽ ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിച്ചും, ഡ്യൂട്ടിക്കായി കൂടുതൽ ട്രാഫിക് പോലീസുകാരെ വിന്യസിച്ചും ട്രാഫിക് പട്രോളിംഗ് നടത്തുന്നതിലേക്കായി കൂടുതൽ Motor Cycle പട്രോളിംഗ് ഏർപ്പെടുത്തിയും ട്രാഫിക് ഡ്യൂട്ടി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ഫ്ലൂറസെന്റ് ജാക്കറ്റുകൾ, സിഗ്നൽ ബാറ്റണുകൾ മുതലായവ നൽകിയും വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു.<br>കൂടാതെ നിലവിലുള്ള ട്രാഫിക് സംവിധാനം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ 11 Laser Speed Radar കൾ നൽകുകയും അവ ഉപയോഗിക്കുന്നതിനും ഉള്ള പരിശീലനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. MOPF സ്കീമിൽ 79 ബ്രെത്ത് അനലൈസറുകൾ പോലീസിനു നൽകുകയും ആയവ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| ബി) നിലവിലുള്ള ട്രാഫിക് സ്റ്റേഷനുകളിൽ വേണ്ടത്ര പോലീസുകാരില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) ട്രാഫിക് പരിഷ്കാരങ്ങൾക്കുമാത്രമായി കാസർഗോഡു മുതൽ തിരുവനന്തപുരം വരെ ഒരു പ്രത്യേക പോലീസ് സംവിധാനം രൂപീകരിക്കുമോ; | സി) ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ വേണ്ടത്ര ട്രാഫിക് പോലീസുകാർ ഇല്ലാത്തതിനാൽ അപകടങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൂടുതൽ പോലീസുകാരെ ഇതിനായി നിയോഗിക്കുമോ? | ഡി) ട്രാഫിക് പോലീസുകാരുടെ അപര്യാപ്തതമൂലം റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ-505. 28. 3. 2007 ൽ മറുപടിക്ക്

### 'പതിബെൽ' കമ്പനിക്കെതിരെ നഷ്ടപരിഹാര കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. കെ. ശിവദാസൻ നായർ | ഷെവ. റ്റി.യു. കുരുവിള<br>(പൊതുമരാമത്തുവകുപ്പു മന്ത്രി) |
| (എ) 'പതിബെൽ' കമ്പനി ഏറ്റെടുത്തു നടത്തിയ റോഡു വികസനത്തിൽ കാലതാമസം വന്നതിനാൽ നഷ്ട പരിഹാരം ലഭിക്കുന്നതിനായി ആർബിട്രേഷന് പോകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ട്; | (എ) റോഡുവികസനത്തിനു വന്ന കാലതാമസം കൊണ്ടുള്ള നഷ്ടപരിഹാരം ഈടാക്കുന്നതിന് കോൺട്രാക്ട് അനുസരിച്ച് ലിക്യുഡേറ്റഡ് ഡാമേജസ് (എൽ.ഡി) ഈടാക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ട്. പതിബെൽ കമ്പനി പണികൾ നിർത്തിയതിന് എതിരായി ആർബിട്രേഷന് പോകുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) കരാർ വ്യവസ്ഥയനുസരിച്ച് പതിബെൽ കമ്പനി വരുത്തിയ കാലതാമസം മൂലം എന്തുതുക പിഴയായി ഈടാക്കാമായിരുന്നു; | (ബി) കാലതാമസം വരുത്തിയതു മൂലമുള്ള പിഴ കരാർ അനുസരിച്ച് ഏകദേശം 15 കോടിയോളം രൂപയായി കണക്കാക്കിയിട്ടുണ്ട്. ഇത് 18-12-2006 വരെയാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) പിഴ ഇനത്തിൽ ലഭിക്കുമായിരുന്ന തുക വേണ്ടെന്നുവച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ? | (സി) പിഴയായി ലഭിക്കാമായിരുന്ന തുക വേണ്ടെന്ന് വച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERA

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 506

28. 3. 2007-ൽ മറുപടിയ്ക്ക്

## സുനാമി അടിയന്തിര സഹായ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.മുരളി<br>ശ്രീ.കെ സി.വേണുഗോപാൽ<br>ശ്രീ. സി.പി.മുഹമ്മദ് | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സുനാമി അടിയന്തിര സഹായ പദ്ധതിക്ക് എന്ത് തുകയാണ് ലഭ്യമാക്കുന്നത്; | എ) സുനാമി അടിയന്തിര സഹായ പദ്ധതിയുടെ ഭാഗമായ ജീവനോപാധികളുടെ പുന:സൃഷ്ടിയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് 38.62 കോടി രൂപയുള്ള സഹായമാണ് ലഭ്യമാവുക.<br>സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ഫിഷറീസ് മേഖലയിൽ 97.97 കോടി രൂപയുടെ സഹായമാണ് ലഭ്യമാവുക. |
| ബി) എവിടെനിന്നാണ് ഈ തുക ലഭിക്കുന്നത്; എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് തുക ലഭിക്കുന്നത്; | ബി) പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാർ മുൻകൂറായി പണം ചെലവഴിക്കുകയും, ചെലവഴിച്ച തുക മുഴുവനും എ.ഡി.ബി ( ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക്) യിൽ നിന്നും പിന്നീട് റി-ഇംപേഴ്സ് ചെയ്യുകയുമാണ് ചെയ്യുന്നത്. സംസ്ഥാന സർക്കാർ, എ.ഡി.ബി, എന്നിവർ ചേർന്ന് 2005 മെയ് 12-നു ഒപ്പിട്ട പ്രോജക്ട് എഗ്രിമെന്റിലേയും കേന്ദ്ര ഗവൺമെന്റും എ.ഡി.ബി യും ചേർന്ന് 2005 മെയ് 12-നു ഒപ്പിട്ട ഫിനാൻഷ്യൽ എഗ്രിമെന്റിലേയും വ്യവസ്ഥകൾക്കു വിധേയമായാണ് തുക ലഭിക്കുന്നത്. |
| സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള സന്നദ്ധ സംഘടനകളെ എ.ഡിബി പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ അഭിമുഖം നടത്തി തെരഞ്ഞെടുത്തിട്ടുണ്ടോ; | സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് അഡാക്, ഫിർമ, മത്സ്യഫെഡ്, സാഫ്, തുടങ്ങിയ സർക്കാർ ഏജൻസികളും കേന്ദ്ര സ്ഥാപനമായ ഐ.എഫ്.പി യുമാണ്. ഈ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് വേണ്ട സന്നദ്ധ സംഘടനകളെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| ഡി) എങ്കിൽ എത്ര സംഘടനകളെ തെരഞ്ഞെടുത്തു; | ഡി) 50 സന്നദ്ധ സംഘടനകളെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| ഇ) പദ്ധതി നടത്തിപ്പിന് ഇവരെ ഏൽപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ ? | ഇ) പദ്ധതി നടപ്പിലാക്കുന്നത് ഗവൺമെന്റ് ഏജൻസികളാണ്. പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ആവശ്യമെങ്കിൽ ഈ സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്താൻ സർക്കാർ ഏജൻസികൾക്ക് അനുവാദം നൽകിയിട്ടുണ്ട് |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 507 — 28/03/2007 - ൽ മറുപടിക്ക്

### തൊഴിൽ മേഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ജയരാജൻ :<br>ശ്രീ. കെ. കുഞ്ഞിരാമൻ:<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീമതി. കെ.എസ്. സലീഖ :<br>ശ്രീ. അൽഫോൺസ് കണ്ണന്താനം : | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തൊഴിൽ മേഖലയിൽ സമാധാനാന്തരീക്ഷം നില നിർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; | (എ) സാധാരണ നിലയിൽ വ്യവസായ മേഖലയിൽ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതുംവ്യവസായ ബന്ധം നിലനിർത്തുന്നതിന് പര്യാപ്തമായ വ്യവസ്ഥകൾ ഉണ്ടാക്കുന്നതും തൊഴിലുടമയും തൊഴിലാളികളും തമ്മിൽ ഏർപ്പെടുന്ന ദീർഘകാല കരാറുകളിലൂടെയാണ്. ഇപ്രകാരമുള്ള കരാറുകൾ മൂന്നുവർഷം മുതൽ അഞ്ചു വർഷം വരെ നിലനിൽക്കുന്നു. ഇവയിൽ ഉത്പാദനം. ഉത്പാദനക്ഷമത, തൊഴിൽ വ്യവസ്ഥകൾ എന്നിവയെക്കുറിച്ച് വ്യക്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതിനാൽ ഉടമ്പടിയുടെ കാലാവധിയിൽ സാധാരണ ഗതിയിൽ സമാധാനാന്തരീക്ഷത്തിന് കോട്ടം തട്ടാറില്ല. എന്നാൽ തർക്ക പ്രശ്നങ്ങൾ ഉടലെടുക്കുന്ന അവസരങ്ങളിൽ സമയോചിതമായ ഇടപെടലുകളിലൂടെ അവ പരിഹരിക്കുന്നതിൽ തൊഴിൽ വകുപ്പിലെ അനുരഞ്ജന ഉദ്യോഗസ്ഥർ സശ്രദ്ധരാണ്. അപ്രകാരം തീരാതെ വരുന്ന തൊഴിൽ തർക്കങ്ങൾ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉന്നതതല യോഗങ്ങൾ തന്നെ കൂടി പരിഹരിക്കുവാൻ ശ്രമിക്കുന്നുണ്ട്. |

| | |
|---|---|
| (ബി) തൊഴിൽ പ്രശ്നം മൂലം സംസ്ഥാനത്തെ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ അടഞ്ഞു കിടക്കുന്നുണ്ട് ; | (ബി) തൊഴിൽ പ്രശ്നങ്ങളുടെ പേരിൽ സംസ്ഥാനത്ത് ഒരു വ്യവസായ സ്ഥാപനവും അടച്ചിട്ടിട്ടില്ല. |
| (സി) തൊഴിൽ മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ? | (സി) ഇപ്പോഴത്തെ സർക്കാരിന്റെ നയം വ്യവസായ മേഖലയിൽ ഏറ്റവും കൂടിയ ഉൽപ്പാദനവും അനുയോജ്യമായ ഉൽപ്പാദനക്ഷമതയും ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും പരിപോഷിപ്പിക്കുക എന്നതാണ്. മാനവശേഷിയുടെ പരിപക്വമായ ഉപയോഗം ഉറപ്പു വരുത്തുകയും തൊഴിലാളികൾ ചൂഷണത്തിന് വിധേയരാകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കാതിരിക്കുന്നതിനും തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശാക്തീകരിക്കുന്ന നടപടികളാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. കൂടുതൽ ചൂഷണത്തിന് വിധേയരാകുന്നുവെന്നു കരുതപ്പെടുന്ന മേഖലകളിൽ ഉദാ: കുടിയേറ്റ തൊഴിലാളികളെ സംബന്ധിച്ച് തൊഴിലാളികളെയും തൊഴിലുടമകളെയും നിയമത്തെക്കുറിച്ചും അവരുടെ ചുമതലകളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ബോധവാന്മാരാക്കുന്നതിനും സംസ്ഥാനത്തുടനീളം സെമിനാറുകളും ബോധവൽക്കരണ ക്യാമ്പുകളും സംസ്ഥാന തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

— —

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 508 — 28-03-07 -ൽ മറുപടിക്ക്

## കള്ളിൽ മായം ചേർക്കുന്നത് തടയാൻ നടപടി

ചോദ്യം:

ശ്രീ. സി.കെ.പി. പത്മനാഭൻ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ. എം. ഹംസ
ശ്രീ. വി. ചെന്താമരാക്ഷൻ

ഉത്തരം

ശ്രീ. പി.കെ. ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ) കള്ളിന്റെ ലഹരി 8.1 ശതമാനത്തിൽ കൂടിയാൽ ഷാപ്പിന്റെ ലൈസൻസ് റദ്ദാക്കുവാനും ഉടമയ്ക്കെതിരെ കേസെടുക്കുവാനുമുള്ള അബ്കാരി ചട്ടം സുപ്രീം കോടതി റദ്ദാക്കിയതുമൂലം സംജാതമായിട്ടുള്ള പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എ) ബഹു. സുപ്രീം കോടതി വിധി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുകയും 14-02-07-ലെ ജി.ഒ. (എംഎസ്.) 26/07/റ്റിഡി. ഉത്തരവിൻ പ്രകാരം കേരള എക്സൈസ് മാന്വൽ വാല്യം2 ചാപ്റ്റർ 5-ഉം 10-ഉം ഭേദഗതി ചെയ്യുകയും ജി.ഒ.(പി) 24/07/നി.വ. തീയതി 14-02-07, ജി.ഒ. (പി.) നം. 25/07/നി.വ. 14-02-07എന്നീ ഗവണ്മെന്റ് ഉത്തരവുകൾ പ്രകാരം കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾസ്, 2002, ചട്ടം 9(2) ഭേദഗതി ചെയ്യുകയും കൂടാതെ ബഹു. സുപ്രീം കോടതി വിധിക്കെതിരെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) സുപ്രീം കോടതി അബ്കാരി നിയമത്തിലെ ചട്ടം 9(2) റദ്ദാക്കാനുണ്ടായ സാഹചര്യം എന്താണ്;

(ബി) തിരുവനന്തപുരം റെയിഞ്ചിലെ റ്റി.എസ്. നമ്പർ 5 കള്ളുഷാപ്പിൽ നിന്നും കള്ളിന്റെ സാമ്പിൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയച്ചതിൻ പ്രകാരം ലഭിച്ച രാസപരിശോധനാ സർട്ടിഫിക്കറ്റിൽ കള്ളിന്റെ വീര്യം നിശ്ചിത അളവിൽ കൂടുതലായതിനാൽ അബ്കാരി ആക്ട് സെക്ഷൻ 56 (ബി) 57 (എ) എന്നീ വകുപ്പുകൾ പ്രകാരം കേസെടുക്കുകയും ഇതിനെതിരെ ടി ഷാപ്പിലെ സെയിൽസ്മാനായ ഉണ്ണിയും ലൈസൻസിയായ കൃഷ്ണകുമാറും ബഹു. കേരള ഹൈക്കോടതിയിൽ ഒ.പി. നം.25783/02 ഫയൽ ചെയ്യുകയും ഇതിലെ വിധി ഇവർക്കെതിരായതിനാൽ ഡബ്ല്യു.എ. നമ്പർ 1054/03 ഫയൽ ചെയ്യുകയും ചെയ്തു.

ഈഥൈൽ ആൾക്കഹോൾ കള്ളിന്റെ ഒരു ഘടകവസ്തുവാണെന്നും കള്ളിൽ വർദ്ധിത അളവിൽ ഈഥൈൽ ആൾക്കഹോൾ ഉണ്ട് എന്ന കാരണത്താൽ ഒരു അന്യ

പദാർത്ഥം (ഫോറിൻ ഇൻഗ്രീഡിയൻറ്) എന്ന നിലയിൽ അബ്കാരി ആക്ട് സെക്ഷൻ 57 (എ) പ്രകാരം പരാതിക്കാർ പ്രോസിക്യൂഷൻ നടപടിക്ക് അർഹരല്ല എന്ന കാരണത്താൽ 06-10-04-ൽ ഡബ്ല്യു.എ. നമ്പർ 1054/03-ൻെറ വിധി പരാതിക്കാർക്ക് അനുകൂലമായതിനെ തുടർന്ന് ഗവൺമെൻറ് ബഹു. സുപ്രീം കോടതിയിൽ സി.എ. 5300/06 (എസ്.എൽ.പി. നം.3612/05) ഫയൽ ചെയ്യുകയും 01-12-06-ലെ ഈ കേസിലെ വിധിയിൽ കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾസ്, 2002-ലെ 9 (2) ചട്ടത്തിൽ കള്ളിൻെറ വീര്യം 8.1 ആയി നിജപ്പെടുത്തിയിരിക്കുന്നത് അസ്ഥിരപ്പെടുത്തുകയും ചെയ്തു. ഈ വിധിക്കെതിരെ ബഹു. സുപ്രീം കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഇപ്പോൾ കള്ളിന് അനുവദനീയമായ ലഹരി എത്ര ശതമാനമാണ്; | (സി) | കള്ളിൻെറ പരമാവധി ലഹരി ചുവടെ ചേർത്തുകൊള്ളുന്നു.<br><br>തെങ്ങിൻ കള്ള് - 8.1 %<br>കരിമ്പന - 5.2 %<br>ഈന്തപ്പന - 4.9 %<br>ചൂണ്ടപ്പന - 5.9 % |
| (ഡി) | സുപ്രീം കോടതി വിധി കള്ളിൽ മായം ചേർക്കുന്നതിനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കള്ളിൽ മായം ചേർക്കുന്നത് തടയുന്നതിന് എക്സൈസ് ഉദ്യോഗസ്ഥർ കള്ളുഷാപ്പുകളിൽ നിരന്തരമായി പരിശോധന നടത്തുകയും കള്ളിൻെറ സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. കൂടാതെ ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ 14-02-07-ലെ ജി.ഒ. (എംഎസ്.) നം. 26/07/റ്റി.ഡി. ഉത്തരവിൻ പ്രകാരം കേരള എക്സൈസ് മാന്വൽ വാല്യം2 ചാപ്റ്റർ 5-ലും 10-ലും കൂടാതെ 14-02-07-ലെ ജി.ഒ.(പി) നം. 24/07/റ്റി.ഡി. എന്ന ഗവൺമെൻറ് ഉത്തരവ് പ്രകാരം കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾസ്, 2002, ചട്ടം 9(2)-ൽ ആവശ്യമായ ഭേദഗതി കൊണ്ടുവന്നു. 14-02-07-ലെ ജി.ഒ.(പി) നം.25/07/ റ്റി.ഡി. പ്രകാരം കള്ളുഷാപ്പിൽ കൂടി വില്ക്കുന്ന കള്ളിൻെറ ഈഥൈൽ ആൾക്കഹോളിൻെറ അളവും കള്ളിൽ എന്തെല്ലാം വസ്തുക്കൾ അടങ്ങിയിരിക്കുവാൻ പാടില്ലായെന്നും നിജപ്പെടുത്തി.<br><br>ബഹു. സുപ്രീം കോടതി വിധിക്കെതിരെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 509 28-03-2007-ൽ മറുപടിക്ക്

ഭൂമി ക്രയവിക്രയം ചെയ്യുമ്പോഴുള്ള ധാരണാ വിലയിലെ വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അച്ചുതൻ:<br>ശ്രീ.എം.എ.വാഹിദ്: | ശ്രീ.എസ്.ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഭൂമി ക്രയവിക്രയം ചെയ്യുമ്പോഴുള്ള ധാരണാവില യിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ;<br><br>(ബി) എങ്കിൽ എന്തടിസ്ഥാനത്തിലാണ് ധാരണാ വില കൂട്ടിയിട്ടുള്ളത്;<br><br>(സി) ഇപ്പോൾ നിർണ്ണയിച്ചിട്ടുള്ള ഏറ്റവും ചുരുങ്ങിയ ധാരണാവിലയെത്രയാണ് ? | (എ) യും (ബി) യും (സി) യും ഭൂമിയുടെ കമ്പോളവില യിൽ കാലാകാലങ്ങളിൽ വിവിധ പ്രദേശങ്ങളിൽ ഉണ്ടാകുന്ന വർദ്ധനവിനനുസരിച്ചുള്ള വില ആധാരങ്ങളിൽ കാണിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് കാലാകാലങ്ങളിൽ നൽകിവരുന്നത്. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ-510. 28. 3. 2007 ൽ മറുപടിക്ക്

### നാഷണൽ ഹൈവേകളുടെ അറ്റകുറ്റപ്പണികൾക്ക് കേന്ദ്ര ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ജെ.തങ്കപ്പൻ<br>ശ്രീ. എ.എം.യൂസഫ്<br>ശ്രീ. സി.കെ.സദാശിവൻ<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീമതി കെ.കെ.ലതിക | ഡോ. റ്റി.യു.കുരുവിള<br>(മരാമത്തുവകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തൊട്ടാകെയുള്ള നാഷണൽ ഹൈവേകളുടെ നീളം എത്ര കിലോമീറ്ററാണ്; | (എ) 1525 കി.മീ |
| (ബി) സംസ്ഥാനത്തെ നാഷണൽ ഹൈവേകളുടെ അറ്റകുറ്റപ്പണികൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയാണ്; | (ബി) ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ നാഷണൽ ഹൈവേകളുടെ അറ്റകുറ്റപ്പണികൾക്ക് വിവിധ ഹെഡുകളിലായി കേന്ദ്ര സർക്കാർ 9.8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) കേന്ദ്രസർക്കാർ അനുവദിക്കുന്ന ഫണ്ട് ദേശീയ പാതകളുടെ അറ്റകുറ്റപ്പണികൾക്ക് പര്യാപ്തമാണോ; | (സി) പര്യാപ്തമല്ല. |
| (ഡി) ഇല്ലെങ്കിൽ കൂടുതൽ കേന്ദ്രഫണ്ട് അനുവദിച്ചു കിട്ടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ? | (ഡി) അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി കൂടുതൽ കേന്ദ്ര ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കാലവർഷക്കെടുതികൾ മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പ്രത്യേകമായി പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KE